# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/165/2017 **പത്രക്കുറിപ്പ്** 2017 ആഗസ്റ്റ് 07

**എം. ജി ബിരുദ ഏകജാലകം : ര ാം സപ്ലിമെന്ററി അലോട്ട്മെന്റിന് ഓപ്ഷൻ പുനക്രമീകരണം നാളെ (ആഗസ്റ്റ് 9) വരെ.**

ആഗസ്റ്റ് 11 ന് നടത്തുന്ന രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിന് പരിഗണിക്കുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തേ നൽകിയ ഓപ്ഷനുകൾ നാളെ (ആഗസ്റ്റ് 9) വൈകുന്നേരം അഞ്ചുമണി വരെ പുനക്രമീകരിക്കാം. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനക്രമീകരണം നടത്താൻ സാധിക്കും. എന്നാൽ പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂടുതലായി കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് വഴി പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം രണ്ടാം സ്പെഷ്യൽ അലോട്ട്മെന്റിൽ പുതുതായി ഹയർ ഓപ്ഷനിലെ മറ്റൊരു പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്ന പക്ഷം പുതുതായി അലോട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബന്ധമായും പ്രവേശനം സ്വകരിക്കേണ്ടതായി വരും. കൂടാതെ അവർക്ക് ആദ്യം ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുകയും ചെയ്യും. സ്ഥിര പ്രവേശം നേടിയവർ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതില്ല.

**പരീക്ഷാതീയതി**

രണ്ടാം സെമസ്റ്റർ എം. എസ്‌സി. അപ്ലൈഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (സി. എസ്. എസ് - 2013 അഡ്മിഷൻ റഗുലർ/2012 അഡ്മിഷൻ ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 22 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ആഗസ്റ്റ് 11 വരെയും, 50 രൂപ പിഴയോടെ 14 വരെയും, 500 രൂപ സൂപ്പർഫൈനോടെ 16 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

**മേഴ്സിചാൻസ് പരീക്ഷ**

ബി. എ/ബി. എസ്‌സി, ബി. കോം/ബി. എ മൾട്ടീമീഡിയ (വൊക്കേഷണൽ മോഡൽ രണ്ട് - 2009 ന് മുൻപുള്ള അഡ്മിഷൻ) വിദ്യാർത്ഥികളുടെ അവസാന മേഴ്സിചാൻസ് ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 18 ന് ആരംഭിക്കും. കോട്ടയം പത്തനംതിട്ട ജില്ലകളിലെ കോളേജുകൾ പരിക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ കോട്ടയം ഗവ. കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെയും, ഇടുക്കി ജില്ലയിലെ കോളേജുകൾ പരിക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ മൂലമറ്റം സെന്റ് ജോസഫ് കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെയും, എറണാകുളം ജില്ലയിലെ കോളേജുകൾ പരിക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ തൃക്കാക്കര ഭാരതമാതാ കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെയും പരീക്ഷ എഴുതണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 മാർച്ചിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി. പി. എഡ്. (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 21 വരെ സ്വീകരിക്കും.

**ഉത്തരക്കടലാസ് കൈപ്പറ്റണം**

2017 ജൂണിൽ നടത്തിയ രണ്ടും നാലും സെമസ്റ്റർ എം. എഡ് (ദ്വിവത്സരം) ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയത്തിനായി നിയോഗിക്കപ്പെട്ട അധ്യാപകർ ആഗസ്റ്റ് 8 ന് രാവിലെ 11 മണിക്ക് പുതിയ പരീക്ഷാഭവനിലെ മൂല്യനിർണയക്യാമ്പിൽ നിന്നും ഉത്തരക്കടലാസ് കൈപ്പറ്റണം. വിവരങ്ങൾക്ക് ഫോൺ : 9447 230 637.

**എം.ജിയിൽ കാർഷിക സെമിനാർ**

മഹാത്മാഗാന്ധി സർവകലാശാല നടപ്പാക്കുന്ന ജൈവ സാക്ഷരതാ യജ്ഞത്തോടനുബന്ധിച്ച് സർവകലാശാല അസംബ്ലിഹാളിൽ കാർഷിക സെമിനാർ ആഗസ്റ്റ് 13 ഞായറാഴ്ച രാവിലെ 10 മുതൽ 1.30 വരെ

സംഘടിപ്പിക്കുന്നു. കേരള ജൈവ കർഷക സമിതി ലൈഫ് ലോങ്ങ് ലേണിംഗ് വകുപ്പിലെ ഓർഗാനിക് ഫാമിംഗ് അലുമ്നി, കൃഷി ജാഗരൺ മാസിക, എന്നിവർ സംയുക്തമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്. കൃഷി ജാഗരൺ മാനേജിംഗ് എഡിറ്റർ എം.സി ഡൊമനിക്, കെ.വി ദയാൽ, ജോസഫ് റെഫിൻ ജെഫ്രി എം, എബ്രഹാം പി. മാത്യു, ആർ. അജിത് കുമാർ, സുരേഷ് മുതുകുളം തുടങ്ങിയവർ പങ്കെടുക്കും. പ്രവേശനം സൗജന്യമാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 പേർക്ക് മാത്രമാണ് പ്രവേശനം അനുവദിക്കുക. താൽപര്യമുള്ളവർ jaivam@mgu.ac.in എന്ന ഇ-മെയിലിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**